# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 2763. 09.05.2017-ൽ മറുപടിക്ക്

## ഹാർബർ കടവുകളിൽ നിന്നും അശാസ്ത്രീയമായ മണലൂറ്റ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)** |
| (എ) | പഞ്ചായത്ത് അധീനതയിലുള്ള ഹാർബർ കടവുകളിൽ നിന്നും അശാസ്ത്രീയമായും ബിനാമികൾ മുഖേനയും മണലൂറ്റുന്ന നടപടി തടഞ്ഞുകൊണ്ട്, കുറ്റമറ്റരീതിയിൽ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്ത് തുറമുഖ വകുപ്പിന്റെ കീഴിലുള്ള തുറമുഖങ്ങളിലെ മാന്വൽ ഡ്രഡ്ജിംഗിനുള്ള അധികാരം തെരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങൾക്കാണ് നൽകിയിരുന്നത്. എന്നാൽ സഹകരണ സംഘങ്ങൾ വഴിയുള്ള മണൽ ഖനനം സുതാര്യമല്ലായെന്നു കണ്ടതിനാലും ഇത് വൻ തോതിലുള്ള അഴിമതിക്ക് കാരണമാകുന്നു എന്ന് ബോധ്യപ്പെട്ട സാഹചര്യത്തിലും മണൽ ഖനനത്തിനുള്ള അധികാരം സഹകരണ സംഘങ്ങൾക്ക് പകരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി പൊതുനയം 09/02/2017 ലെ സ.ഉ.(കൈ) നം.02/2017/മ.തു.വ ലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) | തദ്ദേശ സ്വയംഭരണവകുപ്പിന് ഇത്തരത്തിൽ അധികാരം നൽകുമ്പോൾ പദ്ധതികൾ കാര്യക്ഷമമായും സത്യസന്ധമായും നടത്തുവാൻ നിർദ്ദേശമുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ബി) | തുറമുഖ വകുപ്പ്, റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പോലീസ് വകുപ്പ് എന്നീ വകുപ്പുകളിലെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു മോണിറ്ററിംഗ് സംവിധാനം പുതിയ നയം നിഷ്കർഷിച്ചിട്ടുള്ളതിനാൽ മണൽ ഖനനത്തിൽ കാര്യക്ഷമതയും സത്യസന്ധതയും ഉറപ്പു വരുത്താൻ സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**